# നഗരകാര്യ ജോയിന്റ് ഡയറക്ടറുടെ ഉത്തരവ് നടപടികൾ

നഗരകാര്യ വകുപ്പ്-കേരള മുനിസിപ്പൽ കോമൺ സർവ്വീസ്-ജീവനക്കാര്യം-ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ അന്തർജില്ലാ സ്ഥലം മാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നു.

====================================================================

നം.ഇ4-39924/17 തിരുവനന്തപുരം, തീയതി 06.04.2018

---

പരാമർശം:-

1. സർക്കാരിന്റെ 02.12.1991-ലെ സ.ഉ(പി)നം.36/91/പി&എ.ആർ.ഡി നമ്പർ ഉത്തരവ് നടപടികൾ
2. സർക്കാരിന്റെ 7.11.1996 ലെ സ.ഉ.(പി)നം.37/96/പി&എ.ആർ.ഡി നമ്പർ ഉത്തരവ്
3. നഗരകാര്യ ഡയറക്ടറുടെ 06.01.2018-ലെ ഇതേ നമ്പർ സർക്കുലർ

## ഉത്തരവ്

മേൽ (1) (2) പരാമർശിത ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി കേരള മുനിസപ്പൽ കോമൺ സർവ്വീസിലെ എൻട്രി കേഡർ തസ്തികളിലെ ജീവനക്കാരിൽ നിന്നും അന്തർജില്ലാ സ്ഥലം മാറ്റത്തിന് പരാമർശം (3) പ്രകാരം അപേക്ഷകൾ ക്ഷണിച്ചിരുന്നതാണ്. ടി സർക്കുലറിന്റെ അടിസ്ഥാനത്തിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽ അന്തർജില്ലാ സ്ഥലംമാറ്റത്തിന് ലഭ്യമായ അപേക്ഷകൾ പരിശോധിച്ചതിൽ അന്തർ ജില്ലാ സ്ഥലം മാറ്റത്തിന് അർഹരായ താഴെ പറയുന്ന ജീവനക്കാർക്ക് അവരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന നഗരസഭകളിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | നിലവിൽ സേവനമനുഷ്ഠിക്കുന്ന നഗരസഭ | അന്തർ ജില്ലാ സ്ഥലമാറ്റം അനുവദിക്കുന്ന നഗരസഭ |
|---|---|---|---|
| 1 | അനി.ജെ.എ | കോഴിക്കോട് നഗരസഭ (കോഴിക്കോട് ജില്ല) | തിരുവനന്തപുരം നഗരസഭ (തിരുവനന്തപുരം ജില്ല) |
| 2 | സന്തോഷ് ഫിലിപ്പ് | കോഴിക്കോട് നഗരസഭ (കോഴിക്കോട് ജില്ല) | കൊല്ലം നഗരസഭ (കൊല്ലം ജില്ല) |
| 3 | സതീഷ്.പി | കോഴിക്കോട് നഗരസഭ (കോഴിക്കോട് ജില്ല) | പാലക്കാട് നഗരസഭ (പാലക്കാട് ജില്ല) |
| 4 | ഗോപകുമാർ.എസ് | പൊന്നാനി നഗരസഭ (മലപ്പുറം ജില്ല) | കായംകുളം നഗരസഭ (ആലപ്പുഴ ജില്ല |

(1)  (2) പരാമർശിത ഉത്തരവുകളിലേയും അന്തർ ജില്ലാ സ്ഥലംമാറ്റം സംബന്ധിച്ച് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുളള/പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരം ബാധകമായിട്ടുളള/ബാധകമാക്കുന്ന എല്ലാ വ്യവസ്ഥകൾക്കും വിധേയമായാണ് ഈ അന്തർജില്ലാ സ്ഥലം മാറ്റം അനുവദിച്ചിട്ടുളളത്. അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച ജീവനക്കാർ നിയമനം ലഭിച്ച നഗരസഭയിൽ ഡ്യൂട്ടിക്ക് ചേരുന്ന തിയതി മുതൽ ടി ജില്ലയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിലെ ഏറ്റവും ജൂനിയറായ ജീവനക്കാരന്റെ തൊട്ട് ജൂനിയറായി കണക്കാക്കുന്നതുമാണ്. മേൽ വിവരിച്ച ജീവനക്കാർക്ക് അന്തർജില്ലാ സ്ഥലം മാറ്റം അനുവദിച്ചത് സംബന്ധിച്ച വിവരങ്ങൾ ടിയാളുകളുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തുന്നതിന് ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

ടി ജീവനക്കാരെ വിടുതൽ ചെയ്തത്/ജോലിയിൽ പ്രവേശിച്ചത് നഗരസഭ സെക്രട്ടറിമാർ യഥാസമയം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഒപ്പ്)
ബി.കെ.ബാലരാജ്
ജോയിന്റ് ഡയറക്ടർ (ഭരണം)
നഗരകാര്യ ഡയറക്ടർ(ഇൻ-ചാർജ്ജ്)

ബന്ധപ്പെട്ട ജീവനക്കാർക്ക് (സെക്രട്ടറി മുഖേന)
സെക്രട്ടറി, കോഴിക്കോട്, പൊന്നാനി, തിരുവനന്തപുരം,
കൊല്ലം, കായംകുളം, പാലക്കാട് നഗരസഭകൾ
പകർപ്പ്: ഇ4, സൂപ്രണ്ട്, കരുതൽ ഫയൽ

ആജ്ഞാനുസരണം/അയക്കുന്നത്

സൂപ്രണ്ട്.

ആർ/13.03.